**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6102** **09-11-2021 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 126 വർഷം പഴക്കമുള്ളതും സുർക്കി ഉപയോഗിച്ച് നിർമ്മിച്ചതുമായ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച ആശങ്ക കേന്ദ്രസർക്കാരിനെയും സുപ്രീംകോടതിയെയും ബോധ്യപ്പെടുത്തി മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ ചെയ്യുന്നതിനും പുതിയ ഡാം നിർമ്മിച്ച് തമിഴ് നാടിന് ജലം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | 1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും അണക്കെട്ടിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ജീവന്റെ സുരക്ഷിതത്വം ഉറപ്പ് വരുത്തുവാനുമായി പുതിയ ഡാം ആണ് ഏക പോം വഴി എന്ന് കേരളം കേന്ദ്ര സർക്കാരിനേയും ബഹു. സുപ്രീം കോടതിയേയും അറിയിച്ചിരുന്നു. തുടർന്ന് മുല്ലപ്പെരിയാർ പുതിയ ഡാമിന്റെ വിശദമായ പദ്ധതി രേഖ കേരളം ബഹു. സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ മുമ്പാകെ സമർപ്പിച്ചിരുന്നു. തമിഴ്നാട് ഫയൽ ചെയ്ത ഒ.എസ്. 3/2006 മേൽ 07/05/2014 ൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിൽ തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുവാനുള്ള നിർദ്ദേശം സുപ്രീം കോടതി നൽകിയിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിനു നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിലുമാണ് പുതിയ അണക്കെട്ട് നിർമ്മിക്കു ന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നത്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തി വരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി പാരിസ്ഥിതിക അനുമതിയും വനം വകുപ്പിന്റെ അനുമതിയും അതോടൊപ്പം തമിഴ്നാടിന്റെ അനുമതിയും ആവശ്യമാണ്. പരിസ്ഥിതി ആഘാത പഠനവുമായി (EIA) ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗരേഖ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ പുതുക്കുന്നതിനായി 12/02/2021 ലെ സർക്കാർ ഉത്തരവ് G.O (Rt) No. 102/2021/WRD പ്രകാരം ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യൂ.വിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കു |

| | | | |
|---|---|---|---|
| | | | കയുണ്ടായി. നിലവിൽ മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിനു നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പുതിയ ഡാമിന്റെ രൂപരേഖയുമായി ബന്ധപ്പെട്ട് ഒരു ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഡി.പി.ആർ റിവൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ